'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ - തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ലീല ഇവ്വേൻറെതാഴെ എന്ന ആൾക്ക് ലൈഫ് മിഷൻ നിരക്ക് പ്രകാരം ഭവന നിർമ്മാണ ധന സഹായം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

G.O.(Rt)No.1164/2019/LSGD തീയതി,തിരുവനന്തപുരം, 07/06/2019

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫിസറുടെ 11-10-2018 തീയതിതിലെ കത്ത്.

2 തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 30-08-2018 തീയതിയിലെ 157(2) -ാം നമ്പർ ഭരണ സമിതി തീരുമാനം.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.10.2018,31. 12.2018-എന്നീ തീയതികളിലെ യോഗതീരുമാനം.4.27.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05-03-2019 തീയതിയിലെ എൽ.എഫ്/3675/2018/ലൈഫ് നമ്പർ കുറിപ്പ്.

<u>ഉത്തരവ്</u>

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലുള്ളതുമായ ശ്രീമതി.ലീല ഇവ്വേന്റെതാഴെ എന്ന ആൾ അർഹത പരിശോധന സമയത്തു മേൽക്കൂര വരെ പൂർത്തിയാക്കി എന്നും തറ വിസ്തീർണം സർക്കാർ നിർദേശിച്ചതിലും കൂടുതൽ ആയതിനാലും മേൽകൂര വരെ പൂർത്തിയായതിനാലും ധനസഹായം അനുവദിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ തയാറാകുന്നില്ല എന്നും ബാങ്ക് ലോണിന്റെയും നാട്ടുകാരുടെയും സഹായത്തോടെയാണ് നിർമാണം നടത്തിയത് എന്നും ടിയാൾ ക്യാൻസർ രോഗ ചികിത്സയിലാണെന്നും ഭർത്താവ് മാനസിക രോഗിയും മൂത്ത മകൻ രക്ത സംബന്ധമായ അസുഖത്താൽ ചികിത്സയിലും ഇളയ മകൻ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയുമാണെന്നും ടിയാളുടെ കുടുംബത്തിന് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി ടിയാൾക്ക് ധനസഹായം ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/2018, 31.12.2018-എന്നീ തീയതികളിൽ കൂടിയ യോഗം ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളതും തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലുള്ളതുമായ ശ്രീമതി.ലീല തുവ്വേൻറെതാഴെ എന്ന ആൾക്ക് ലൈഫ് മിഷൻ നിരക്ക് പ്രകാരം ഭവന നിർമ്മാണ ധന സഹായം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി,തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പിഎയ്ക്ക്